# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ-ഡോ. ശരത് തോമസ് റോയ്, കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത **OA 1292/2023** മേലുള്ള **22.01.2026** തീയതിയിലെ ഉത്തരവ് -അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

**1.** ഉത്തരവ് നം. ഇ.എ1-**6726/2023**/ആ.വ.ഡ തീയതി **06-07-2023**

**2.**ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **MA No. 110/2026 (in OA 1292/2023)** മേലുള്ള **22.01.2026** തീയതിയിലെ ഉത്തരവ്

**3.**.ഡോ. ശരത് തോമസ് റോയ് **22.12.2025** തീയതിയിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ

**ഉത്തരവ് നം: DHS/1846/2026-EB1 തീയതി: 03-02-2026**

---

പരാമർശം (1) പ്രകാരം റാന്നി സി.എച്ച്.സിയിലെ അസിസ്റ്റന്റ് സർജൻ ആയിരുന്ന ഡോ. ശരത് തോമസ് റോയ് -യ്ക്ക് ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് **Placement** നല്കി സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ നിയമിച്ചിരുന്നു. എന്നാൽ ടിയാൾ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുന്പാകെ **OA 1292/2023** ഫയൽ ചെയ്യുകയും അസിസ്റ്റന്റ് സർജൻ തസ്തികയിൽ തന്നെ തുടരുകയും ചെയ്തിരുന്നു. ടിയാൾ **OA 1292/2023** യിന്മേൽ **MA No. 110/2026** ഫയൽ ചെയ്യുകയും ആയതിന്റെ **22.01.2026** തീയതിയിലെ ഇടക്കാല ഉത്തരവിൽ ടിയാൾ **Annexure A10** ആയി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് **2nd respondent** ആയ ആരോഗ്യ വകുപ്പ് ഡയറക്ടർ ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കാൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവാകുകയും ചെയ്തിരിക്കുന്നു.

ഡോ. ശരത് തോമസ് റോയ് -യ്ക്ക് ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ

കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് **Placement** നല്കി സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയിൽ നിയമിച്ചിരുന്നെങ്കിലും ടിയാൾ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. **Annexure A10** ആയി ടിയാൾ സമർപ്പിച്ചിരിക്കുന്ന അപേക്ഷയിൽ ടിയാൾക്ക് പത്തനംതിട്ട ജനറൽ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ. ജോസ് സെബാസ്റ്റ്യൻ പൈക്കടയ്ക്ക് കാർഡിയോളജി വിഭാഗത്തിലേയ്ക്ക് നിയമനം ലഭിക്കുന്നതിലൂടെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഉണ്ടാകുന്ന ഒഴിവിൽ നിയമനം നല്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ഡോ. ജോസ് സെബാസ്റ്റ്യൻ പൈക്കടയ്ക്ക് കാർഡിയോളജി വിഭാഗത്തിലേയ്ക്ക് നിയമനം ലഭിച്ചിട്ടില്ല. ആയതിനാൽ തന്നെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് -ന്റെ ഒഴിവ് നിലവിലില്ല.

ഒരു തസ്തികയിലേയ്ക്കുള്ള നിയമനം ആ തസ്തികയിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിലാണ് നടത്തുന്നത്. നിയമന പ്രക്രിയയിൽ അർഹരായ ഉദ്യോഗസ്ഥരെ നിലവിലുള്ള ഒഴിവുകളിൽ നിയമിക്കുകയാണ് ചെയ്യുന്നത്. നിയമന സമയത്ത് ഉദ്യോഗസ്ഥർ ലഭ്യമായ ഒഴിവുകളിൽ ജോലിയിൽ പ്രവേശിക്കാൻ ബാദ്ധ്യസ്ഥരാണ്. അവർക്ക് യാതൊരു വിധ മുൻഗണനയും സംരക്ഷണവും അവകാശപ്പെടാൻ കഴിയില്ല.

മേൽ സാഹചര്യത്തിൽ ഡോ. ശരത് തോമസ് റോയ് -യ്ക്ക് കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആശുപത്രിയിൽ നിലവിൽ ഒഴിവുള്ള ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിയമനം നല്കി ഉത്തരവാകുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **OA 1292/2023** മ്മേലുള്ള **22.01.2026** തീയതിയിലെ ഉത്തരവ് മേൽ പ്രകാരം അനുപാലിച്ച് ഉത്തരവാകുന്നു.

Digitally signed by
Reena K J
Date: 03-02-2026
16:59:04

**ആരോഗ്യ വകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്:-

ഡോ. ശരത് തോമസ് റോയ്, കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ,
ജനറൽ ആശുപത്രി, പത്തനംതിട്ട

പകർപ്പ്:-

1.അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2.അക്കൌണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
3.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ആഫീസർമാർ
4. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

**5. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ്**